<u>രജിസ്റ്റേഡ്</u>

നം.DOTHI-DMG/3787/2022-M

മൈനിംഗ് & ജിയോളജി വകുപ്പ്
ജില്ലാ ആഫീസ്, തിരുവനന്തപുരം
കേശവദാസപുരം, പട്ടം പാലസ് പി.ഒ
തിരുവനന്തപുരം-4
Tel.Fax: 0471 2442055
e-mail: geo.thi.dmg@kerala.gov.in

തീയതി :30/11/2024

<u>കാരണം കാണിക്കൽ നോട്ടീസ്</u>

വിഷയം: മൈനിംഗ് & ജിയോളജി -ഖനിയും ഖനിജങ്ങളും- കെട്ടിടനിർമ്മാണത്തിനായി മണ്ണ് നീക്കം ചെയ്തത്- അടിത്തറ നിർമ്മാണം ചട്ടപ്രകാരം പൂർത്തിയാക്കാത്തത്/അനധികൃത ഖനനം- വിശദീകരണം ആവശ്യപ്പെടുന്നത്–സംബന്ധിച്ച്

സൂചന: 1. 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ
2. ഈ ഓഫീസിന്റെ 3/3/2023 തീയതിയിലെ 1121/2022-23/ DOTHI-DMG/3787/2022-M നമ്പർ ഉത്തരവ്
3. ഈ ഓഫീസിന്റെ 17/1/2024 തീയതിയിലെ 84/2023-24/OE/MP/DOTHI-DMG/3787/2022-M നമ്പർ ഉത്തരവ്
4. കിളിമാനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 7.8.24 ലെ 400204/ BPMCo2/ GPO/2024/2239/(2) നമ്പർ കത്ത്
5. കിളിമാനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26/10/2024 തീയതിയിലെ 400204/BAUV04/GPO/2024/3592/(1) നമ്പർ കത്ത്
6. കിളിമാനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22/11/2024 തീയതിയിലെ 400204/BAUV04/GPO/2024/3592/(2) നമ്പർ കത്ത്
7. ഈ ഓഫീസിൽ നിന്നും 25/11/2024 തീയതി നടത്തിയ സ്ഥലപരിശോധന

മേൽ സൂചനകൾ ശ്രദ്ധിക്കുക. **ചിറയിൻകീഴ്** താലൂക്കിൽ **കിളിമാനൂർ** വില്ലേജിൽ ബ്ലോക്ക് നം. 30 ൽ റീസർവ്വേ നം. **3/4** ൽ പെട്ട വസ്തുവിൽ നിന്നും **കിളിമാനൂർ ഗ്രാമപഞ്ചായത്ത്** സെക്രട്ടറി അനുവദിച്ച ബിൽഡിംഗ് പെർമിറ്റ്/ബിൽഡിംഗ് പ്ലാൻ പ്രകാരം കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി ഭൂമി നിരപ്പാക്കുന്നതിന് **9520** മെട്രിക് ടൺ സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് സൂചന (2,3) ഉത്തരവ് പ്രകാരം താങ്കൾക്ക് അനുമതി നൽകിയിരുന്നതാണ്. സൂചന 6 പ്രകാരം കിളിമാനൂർ ഗ്രാമപഞ്ചായത്തിൽ നിന്നും അയച്ച കത്തിൽ കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണം പൂർത്തീകരിച്ചതായും എന്നാൽ അംഗീകൃത ബിൽഡിങ് പ്ലാനിൽ നിന്നും 9.72 sqm കുറച്ചുള്ള നിർമ്മാണമാണ് നടത്തിയിട്ടുള്ളതെന്നും കൂടാതെ ടി പ്ലോട്ടിലെ മുഴുവൻ ഏരിയയിൽ നിന്നും മണ്ണ് നീക്കം ചെയ്തിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. ഈ ഓഫീസിൽ നിന്നും 25.11.2024 തീയതി നടത്തിയ സ്ഥലപരിശോധനയിൽ പെർമിറ്റ് ഏരിയയ്ക്ക് പുറത്തു നിന്നും 344 $m^3$ മണ്ണ് മാറ്റിയതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ടി പ്രവർത്തികൾ സൂചന (1) ചട്ടങ്ങളുടെ ലംഘനമാകയാൽ താങ്കൾക്ക് എന്തെങ്കിലും വിശദീകരണം സമർപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് ലഭിച്ച് 7 ദിവസത്തിനുള്ളിൽ രേഖാമൂലം സമർപ്പിക്കാവുന്നതാണ്. അല്ലാത്തപക്ഷം ചട്ടപ്രകാരമുള്ള നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

**സീനിയർ ജിയോളജിസ്റ്റ്**

Signed by Rajkumar M S
Date: 30-11-2024 16:30:09

**Sri.Anilkumar R,**
**Vaishak, Ponganadu P.O, Tvpm- 695 601**

പകർപ്പ്

1. സെക്രട്ടറി, കിളിമാനൂർ ഗ്രാമപഞ്ചായത്ത്,
2. വില്ലേജ് ഓഫീസർ, കിളിമാനൂർ, തിരുവനന്തപുരം
3. ശ്രീ.ഉണ്ണികൃഷ്ണൻ എസ്, അസിസ്റ്റന്റ് ജിയോളജിസ്റ്റ്